## നിങ്ങളിനിയും തുക അയച്ചില്ലേ?

കേരളീയം

വരിസംഖ്യ പുതുക്കി (240 രൂപ.) സംഭാവന ഉടനെ എത്തിച്ച് തുടരാൻ സഹായിക്കുക.
കേരളീയം, കൊക്കാലെ, തൃശൂർ – 21.
ഫോൺ : 0487 2421385


## നിലാവ് കൂട്ടായ്മ

**കേച്ചേരി പെരുവൻമലയിൽ**

**ജനുവരി 30 ശനി**

**വൈകീട്ട് 6 മുതൽ പുലർച്ച വരെ.**

**ബന്ധങ്ങൾക്ക് : 9446576943.**

**പൾസ്പോളിയോ** വിഷം സ്വീകരിച്ചിട്ടില്ലാത്ത കുട്ടികളുടെ സംഗമം ജനുവരി 31ന് 2 മണിക്ക് തൃശൂരിൽ, തമിഴ്നാട്ടിലെ ജനകീയ ഡോക്ടർ പുകഴേന്തി പങ്കെടുക്കുന്നു. 9495013720

**വിഭവങ്ങളും** സേവനങ്ങളും പങ്കുവെക്കാൻ താൽപര്യമുള്ളവരുടെ ഒരു സ്ഥിരം കൂട്ടായ്മ ആലോചിക്കുന്നു. ബന്ധപ്പെടുക. 9605482868.

## ബി. ടി. വഴുതന തടയാൻ ഉപവാസം ജനുവരി 30ന്

സ്വാതന്ത്ര്യത്തിനായി ഉപ്പ് സത്യാഗ്രഹവും വിദേശവസ്ത്രബഹിഷ്ക്കരണവും നടത്തിയ മഹാത്മാഗാന്ധിയുടെ സ്മരണയിൽ അദ്ദേഹത്തിന്റെ ചരമദിനമായ ജനുവരി 30ന് കൃഷിയും ആരോഗ്യവും പരിസ്ഥിതിയും സംരക്ഷിക്കുവാൻ വിത്തു സത്യാഗ്രഹം നടത്തുന്നു. ജനുവരി 30 തിരുവനന്തപുരത്ത് രക്തസാക്ഷിമണ്ഡപത്തിൽ ഉപവാസം നടക്കും. ഈ ദിവസം എവിടെവെച്ചു വേണമെങ്കിലും ഉപവസിച്ചുകൊണ്ട് നിങ്ങൾക്കും ജനിതകവിത്തുകൾക്കെതിരെ അണിനിരക്കാം. തണൽ, തിരുവനന്തപുരം 0471-2727150, 9447022775.

**അറിയിപ്പ്**: സാങ്കേതികമായ കാരണങ്ങളാൽ ഈ ലക്കം കേരളീയം പേജ് കുറച്ച് ഇറക്കേണ്ടിവന്നതിൽ ഖേദിക്കുന്നു. അടുത്തലക്കം ക്രമമായി ലഭിക്കും.

**വനാവകാശ നിയമം** – ആദിവാസി ഭൂമി പ്രശ്നവും സെമിനാർ. ഫെബ്രുവരി. കൊച്ചിയിൽ. 9446576943

## കാതിക്കുടം ഐക്യദാർഢ്യസമിതി

നിറ്റാ ജലാറ്റിൻ കമ്പനി സൃഷ്ടിക്കുന്ന രാസമലിനീകരണത്തിനെതിരെ തദ്ദേശീയരുടെ സമരം തുടരുന്നു. സമരത്തിന് പിന്തുണയുമായി തൃശൂരിൽ ജില്ലാതല ഐക്യദാർഢ്യസമിതി രൂപീകരിച്ചു. ഭാരവാഹികൾ : സാറാ ജോസഫ്–ചെയർപേഴ്സൺ, ബൈജു സി.ജി.–കൺവീനർ, പി.എ.അശോകൻ–ജോ. കൺവീനർ. ഫോൺ : സമരസമിതി 9745143069.

**ആരോഗ്യ** സർവ്വകലാശാലയുടെ പശ്ചാത്തലത്തിൽ ആരോഗ്യസെമിനാർ മാർച്ച് മാസത്തിൽ തൃശൂരിൽ. ഇടതുപക്ഷവും ആരോഗ്യ ഭക്ഷണ കാഴ്ചപ്പാടും. പ്രമുഖ വ്യക്തിത്വങ്ങൾ പങ്കെടുക്കുന്നു. 989514998.

**കർഷകമുന്നേറ്റം** മുരിയാട് സമരം 2–ാം ഘട്ടം. ജനുവരി 23ന്. 9495169930.

**പൗരമുന്നേറ്റം** ഐക്യദാർഢ്യസദസ്സ് : ജനുവരി 26ന് തൃശൂരിൽ. 9961275752.


**Registered KL/CR/TCR/353/2009-11**
**Posted at Thrissur RMS/2 on 21/01/2010**

കേരളീയം

ലക്കം 1 ● പുസ്തകം 11 ● 2010 ജനുവരി
● 1185 ധനു–മകരം ● പേജ് 1 ● വില 10 രൂപ

To

.......................................................................
.......................................................................
.......................................................................
.......................................................................

കേരളീയം
മുനിസിപ്പൽ മാർക്കറ്റ് ബിൽഡിംഗ്,
കൊക്കാലെ, തൃശൂർ – 21

Regd. with Registrar of Newspaper of India under No.71285/99. Printed, Published and Owned by K.S. Pramod at Keraleeyam, Thrissur - 21.
Printed at Ayodhya Printers Pvt. Ltd., Kochi, for Patabhedham Printers, Thrissur -2. Editor : K.S. Pramod. Phone : 9446576943, E-mail :robin keraleeyam@gmail.com


## അതിരപ്പിള്ളിപദ്ധതിക്ക് കേന്ദ്രത്തിന്റെ വിലക്ക്

അതിരപ്പിള്ളി പദ്ധതിക്കുള്ള അനുമതി കേന്ദ്രസർക്കാർ പിൻവലിച്ചു. കേന്ദ്ര മന്ത്രി ജയറാം രമേശിന് പ്രതികരണങ്ങൾ അയക്കുക. വിലാസം : Ministry of Environment & Forestry, Paryavaran Bhavan, CGO Complex, Lodhi Road, New Delhi-110 003. e-mail : mosef@nic.in

**ദേശീയപാത** വികസനത്തിന്റെ പേരിൽ കുടിയിറക്കലും ബി.ഒ.ടി. ആക്കി വിൽക്കുന്നതിനുമെതിരെ ഇരകളുടെ മുൻകൈയ്യിലുള്ള സമരം കണ്ണൂർ മുതൽ എറണാകുളം വരെ തുടരുന്നു. ഫെബ്രുവരിയിൽ കാൽനട ജാഥ. ഫോൺ : 9745160450.

**ലാലൂർ** : ലാലൂർ മാലിന്യപ്രശ്നത്തിൽ പരിഹാരം കാണമെന്നാവശ്യപ്പെട്ട് ലാലൂർ നിവാസികൾ നടത്തുന്ന സമരം തുടരുന്നു. എതിർപ്പുകളെ അവഗണിച്ച് കോർപ്പറേഷൻ വീണ്ടും മാലിന്യം ലാലൂരിൽ നിക്ഷേപിക്കുവാൻ ശ്രമിച്ചത് സംഘർഷത്തിന് ഇടയാക്കി. ട്രെഞ്ചിങ്ങ് ഗ്രൗണ്ടിൽ കെട്ടികിടക്കുന്ന മാലിന്യങ്ങൾ നീക്കം ചെയ്യാൻ മൂന്നുമാസത്തെ സമയമാണ് കോർപ്പറേഷൻ ചോദിച്ചിരുന്നത്. സമയപരിധി കഴിഞ്ഞിട്ടും അധികാരികൾ പ്രതികരിക്കാത്തതിനെ തുടർന്ന് സമരസമിതി ട്രെഞ്ചിങ്ങ് ഗ്രൗണ്ടിലേക്കുള്ള പ്രവേശനകവാടത്തിൽ പ്രതീകാത്മക മതിൽ കെട്ടി. മതിൽ സ്ഥാപിക്കൽ സാറാ ജോസഫ് ഉദ്ഘാടനം ചെയ്തു.

**ചെങ്ങറ** സമരപ്രവർത്തകർ സർക്കാരുമായി ഉണ്ടാക്കിയ ഒത്തുതീർപ്പ് പാക്കേജ് മാസങ്ങൾ കഴിഞ്ഞിട്ടും നടപ്പിലാക്കാത്തതിനെ തുടർന്ന് സമരം പുനരാരംഭിക്കാൻ സമരപ്രവർത്തകർ ഒരുങ്ങുന്നു. അതിനിടയിലുണ്ടായ ളാഹ ഗോപാലന്റെ സംശയാസ്പദമായ അറസ്റ്റിൽ പ്രതിഷേധം വ്യാപകമാവുന്നു.

**പ്ലാച്ചിമട** : പ്ലാച്ചിമടയിലും വിജയനഗറിലും കുടിവെള്ളവിതരണം നാളുകളായി മുടങ്ങിയതിനെ തുടർന്ന് കൊക്കക്കോള വിരുദ്ധസമര ഐക്യദാർഢ്യസമിതി പാലക്കാട് കളക്ട്രേറ്റിനു മുന്നിൽ ഉപവാസസമരം നടത്തി. വിളയോടി വേണുഗോപാലും രാമസ്വാമി മൂപ്പനും പങ്കെടുത്ത ഉപവാസം കളക്ടർ നൽകിയ ഉറപ്പിനെത്തുടർന്ന് പിൻവലിച്ചു.